അടച്ചുപൂട്ടിയ പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി

134 [1310] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രവർത്തനം നിലച്ച പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികളും ഇനി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളും വിശദീകരിക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽവന്നശേഷം പൊതുമേഖലാസ്ഥാപനങ്ങൾക്ക് ഒരു വൺടൈം സപ്പോർട്ട് നൽകാനുള്ള നയപരമായ തീരുമാനം എടുത്തിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി വ്യവസായ സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി, ധന-എക്സൈസ് വകുപ്പുമന്ത്രി, കൃഷി-കയർ വകുപ്പുമന്ത്രി, ഊർജ്ജ വകുപ്പുമന്ത്രി, തൊഴിൽ വകുപ്പുമന്ത്രി എന്നിവരടങ്ങുന്ന ഒരു മന്ത്രിസഭാ ഉപസമിതിയെ സർക്കാർ നിയമിച്ചിട്ടുണ്ട്. സ്കൂട്ടേഴ്സ് കേരളയുടെ പ്രവർത്തനം നിർത്തലാക്കിയെങ്കിലും KIRFB-ൽനിന്നും വായ്പയെടുത്ത് ചെയ്യുന്ന ഓർഡറുകൾ പൂർത്തിയാക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ യൂണിറ്റായ മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസിൽ പുതിയ മെഷീനറികൾ സ്ഥാപിക്കുന്നതിനുള്ള പ്രപ്പോസൽ കാബിനറ്റ് സബ്കമ്മിറ്റിയുടെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. കേരള ഗാർമന്റ്സ് ലിമിറ്റഡിന് പ്രവർത്തനമൂലധനത്തിനും, ക്യാപ്പിറ്റൽ അപ്ഗ്രഡേഷനും, റിട്ടയർ ചെയ്ത ജീവനക്കാരുടെ കുടിശ്ശിക തീർക്കുന്നതിനുമായി 52.47 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സ്കൂട്ടേഴ്സ് കേരള നിലവിലുള്ളവർക്ക് ഓർഡർ പൂർത്തീകരിക്കുന്നതിനും വിരമിച്ച ജീവനക്കാർക്കുള്ള കുടിശ്ശികയിനത്തിലും 40.16 ലക്ഷം രൂപ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly